(ബി) സ്റ്റേഷനുകളിൽ അപ്രതീക്ഷിത പരിശോധന നടത്തി സേനാംഗങ്ങൾ ഡ്യൂട്ടി സമയത്ത് മദ്യവും ലഹരിമരുന്നുകളും ഉപയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. സബ് ഡിവിഷൻ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി ഇല്ല.

## നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പ്

217 (221) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പ് കേസിലെ പ്രതിയും കുറ്റവാളിയുമെന്ന് ആരോപിക്കപ്പെടുന്ന ശ്രീ. ഉതുപ്പ് വർഗ്ഗീസും കോട്ടയത്തെ ആശ്രയ ചാരിറ്റബിൾ ട്രസ്റ്റും തമ്മിലുണ്ടായിരുന്ന ബന്ധം അന്വേഷിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത ട്രസ്റ്റിന് ശ്രീ. ഉതുപ്പ് വർഗ്ഗീസിൽനിന്നും ലഭിച്ച സാമ്പത്തിക സഹായം എത്രയാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

## അനീഷിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം

218 (222) ശ്രീ. ഇ. കെ. വിജയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മുന്നിയൂർ സ്കൂളിലെ അദ്ധ്യാപകൻ അനീഷിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ആർക്കെല്ലാം എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(സി) പ്രതികളെ കണ്ടെത്തുന്നതിൽ പോലീസ് തികഞ്ഞ പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അന്വേഷണം ഊർജ്ജിതമാക്കി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലപ്പുറം മുന്നിയൂർ സ്കൂളിലെ അദ്ധ്യാപകൻ അനീഷ് മാസ്റ്ററുടെ മരണവുമായി ബന്ധപ്പെട്ട് മലമ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 405/14 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ 66-ഓളം സാക്ഷികളെ കണ്ട് ചോദിച്ചിട്ടുള്ളതും കേസ്സിലേക്കായി ആവശ്യമുള്ള തെളിവ് രേഖകളും രജിസ്റ്ററുകളും മറ്റും ബന്തവസ്സിൽ എടുത്ത് ബഹുമാനപ്പെട്ട കോടതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്. കേസിന്മേൽ ഊർജ്ജിതമായ അന്വേഷണം തുടർന്നുവരുന്നു.

(ബി) പ്രസ്തുത കേസിൽ താഴെപ്പറയുന്നവരെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | സെയ്താലി@ കുഞ്ഞാപ്പു | : | സ്കൂൾ മാനേജർ |
| 2. | മുഹമ്മദ് അഷ്റഫ് | : | FTM, മുന്നിയൂർ സ്കൂൾ |
| 3. | അബ്ദുൾ റസാഖ് | : | സ്കൂൾ ക്ലാർക്ക് |
| 4. | അബ്ദുൾ ഹമീദ് | : | സ്കൂൾ പ്യൂൺ |
| 5. | സുധ. പി. നായർ | : | സ്കൂൾ പ്രധാന അദ്ധ്യാപിക |
| 6. | കെ. സി. ഗോപി | : | റിട്ടയേർഡ് ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ വകുപ്പ്. മലപ്പുറം. |
| 7. | ഹൈദർ കെ. മുന്നിയൂർ | : | സ്കൂൾ പി.റ്റി.എ. പ്രസിഡന്റ് |

പ്രതികളെ കണ്ടുകിട്ടാത്തതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല പ്രതികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ജാമ്യാപേക്ഷ സമർപ്പിച്ചിരിക്കുകയാണ്.

(സി) ഇല്ല.

(ഡി) ഈ കേസിന്മേൽ ഊർജ്ജിത അന്വേഷണം തുടർന്നുവരുന്നു.

**രാഷ്ട്രീയ സംഘട്ടനങ്ങളും വർഗ്ഗീയ കലാപങ്ങളും**

219 (223) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;